സൂറഃ-8

# അൽ അൻഫാൽ

وَأَعِدُّوا۟ لَهُم مَّا ٱسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ ٱلْخَيْلِ
تُرْهِبُونَ بِهِۦ عَدُوَّ ٱللَّهِ وَعَدُوَّكُمْ وَءَاخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ
ٱللَّهُ يَعْلَمُهُمْ ۚ وَمَا تُنفِقُوا۟ مِن شَىْءٍ فِى سَبِيلِ ٱللَّهِ يُوَفَّ إِلَيْكُمْ
وَأَنتُمْ لَا تُظْلَمُونَ ﴿٦٠﴾

۞ وَإِن جَنَحُوا۟ لِلسَّلْمِ فَٱجْنَحْ لَهَا وَتَوَكَّلْ عَلَى ٱللَّهِ ۚ إِنَّهُۥ
هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦١﴾

وَإِن يُرِيدُوٓا۟ أَن يَخْدَعُوكَ فَإِنَّ حَسْبَكَ ٱللَّهُ ۚ هُوَ
ٱلَّذِىٓ أَيَّدَكَ بِنَصْرِهِۦ وَبِٱلْمُؤْمِنِينَ ﴿٦٢﴾

**60.** അവർക്കെതിരെ കഴിയുന്നേടത്തോളം ശക്തി സംഭരിക്കുവിൻ, സുസജ്ജമായ കുതിരപ്പടയെ ഒരുക്കി നിർത്തുവിൻ. അതുവഴി നിങ്ങളുടെയും അല്ലാഹുവിന്റെയും ശത്രുക്കളെ ഭീതിപ്പെടുത്താം; അവരെക്കൂടാതെ ഇപ്പോൾ നിങ്ങളറിയാത്തതും അല്ലാഹു അറിയുന്നതുമായ മറ്റു ശത്രുക്കളെയും. ദൈവിക സരണിയിൽ നിങ്ങൾ ചെലവഴിക്കുന്നതെന്താവട്ടെ, അതിനു പരിപൂർണമായി പ്രതിഫലം ലഭിക്കുന്നതാകുന്നു. നിങ്ങളോട് യാതൊരനീതിയുമുണ്ടാകുന്നതല്ല.
**61.** ശത്രുജനം സമാധാനസന്ധിയിലേക്കു ചായുന്നുവെങ്കിൽ നീയും അതിനു സന്നദ്ധനാവണം. അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനും തന്നെയാകുന്നു.
**62.** ഇനി അവരുദ്ദേശിക്കുന്നത് വഞ്ചിക്കാനാണെങ്കിൽ, അപ്പോൾ നിനക്ക് അല്ലാഹു മതി. സ്വന്തം സഹായത്താലും വിശ്വാസികളുടെ സേവനത്താലും നിന്നെ ശക്തിപ്പെടുത്തിയത് അവനാണല്ലോ.

وَأَعِدُّوا۟= ഒരുക്കുക (സംഭരിക്കുവിൻ) لَهُم= അവർക്ക് (എതിരെ) مَّا ٱسْتَطَعْتُم= നിങ്ങൾക്ക് കഴിയുന്നേടത്തോളം
مِّن قُوَّةٍ= ശക്തിയാൽ وَمِن رِّبَاطِ ٱلْخَيْلِ= (സുസജ്ജമായ കുതിരപ്പടയെ ഒരുക്കി നിർത്തുവിൻ) കുതിരാലയങ്ങളാലും
تُرْهِبُونَ بِهِۦ= അതുവഴി നിങ്ങൾക്കു ഭീതിപ്പെടുത്താം عَدُوَّ ٱللَّهِ= അല്ലാഹുവിന്റെ ശത്രുവിനെ وَعَدُوَّكُمْ= നിങ്ങളുടെ ശത്രുവിനെയും
وَءَاخَرِينَ= മറ്റുള്ളവരെ(ശത്രുക്കളെ)യും مِن دُونِهِمْ= അവരെക്കൂടാതെ
لَا تَعْلَمُونَهُمُ= (അറിയാത്തതും)അവരെ(ഇപ്പോൾ)നിങ്ങൾ അറിയുന്നില്ല ٱللَّهُ يَعْلَمُهُمْ= (ന്നതുമായ)അല്ലാഹു അവരെ അറിയുന്നു
وَمَا تُنفِقُوا۟= നിങ്ങൾ ചെലവഴിക്കുന്നത് مِن شَىْءٍ= (എന്താവട്ടെ) വസ്തുവാൽ فِى سَبِيلِ ٱللَّهِ= ദൈവിക സരണിയിൽ
يُوَفَّ إِلَيْكُمْ= (അതിനു പരിപൂർണമായ പ്രതിഫലം ലഭിക്കുന്നതാകുന്നു) നിങ്ങളിലേക്ക് പൂർത്തിയാക്കപ്പെടും
وَأَنتُمْ= (ളോട്)നിങ്ങൾ لَا تُظْلَمُونَ= (യാതൊരനീതിയുമുണ്ടാകുന്നതല്ല) അക്രമിക്കപ്പെടുന്നതല്ല
وَإِن جَنَحُوا۟= (സന്നദ്ധരായാൽ) അവർ ചാഞ്ഞാൽ لِلسَّلْمِ= (സന്ധിക്ക്)സമാധാനത്തിന്
فَٱجْنَحْ= (സന്നദ്ധനാവുക) അപ്പോൾ നീ(യും)ചായുക لَهَا= അതിന് وَتَوَكَّلْ= നീ ഭരമേൽപിക്കുകയും ചെയ്യുക
عَلَى ٱللَّهِ= അല്ലാഹുവിൽ إِنَّهُۥ هُوَ= തീർച്ചയായും അവൻ തന്നെയാകുന്നു ٱلسَّمِيعُ= എല്ലാം കേൾക്കുന്നവൻ
ٱلْعَلِيمُ= എല്ലാം അറിയുന്നവനും وَإِن يُرِيدُوٓا۟= (ഇനി അവരുദ്ദേശിക്കുന്നത്)അവരുദ്ദേശിക്കുകയാണെങ്കിൽ

أَن يَخۡدَعُوكَ= നിന്നെ വഞ്ചിക്കാൻ(ആണെങ്കിൽ) فَإِنَّ حَسۡبَكَ ٱللَّهُۚ= അപ്പോൾ തീർച്ചയായും നിനക്ക് അല്ലാഹു മതി

هُوَ= അവൻ(ആണല്ലോ) ٱلَّذِيٓ أَيَّدَكَ= നിന്നെ ശക്തിപ്പെടുത്തിയ(ത്)വൻ بِنَصۡرِهِۦ= അവന്റെ(സ്വന്തം) സഹായത്താൽ

وَبِٱلۡمُؤۡمِنِينَ= വിശ്വാസികളാലും(കളുടെ സേവനത്താലും)

**60:** ഇവിടെ 'അവർക്കെതിരെ' -لَهُم- എന്നതിലെ 'അവരിൽ' ഇസ്‌ലാമിനോടും മുസ്‌ലിംകളോടും വിരോധം പുലർത്തുന്ന എല്ലാവരും ഉൾപ്പെടുന്നു. എങ്കിലും മുൻ സൂക്തങ്ങളിൽ പരാമർശിച്ച, മുസ്‌ലിംകളുമായി സഹകരണ സന്ധിയിലേർപ്പെട്ടശേഷം യാതൊരു ധർമബോധവുമില്ലാതെ അതു പരസ്യമായി ലംഘിക്കുന്നവരും തക്കം കിട്ടിയാൽ വഞ്ചിക്കുമെന്ന് ആശങ്കിക്കപ്പെടുന്നവരുമാണ് പ്രത്യേകം സൂചിപ്പിക്കപ്പെടുന്നത്. ഒരു ശത്രുവിന്റെ നേരെയും, മുകളിൽ സൂചിപ്പിച്ച തരക്കാരുടെ നേരെ വിശേഷിച്ചും ഇസ്‌ലാമിക സമൂഹം അവഗണനയും അലംഭാവവും അവലംബിച്ചുകൂടാ. ഏതുസമയത്തും ശത്രുക്കൾ ആക്രമണം അഴിച്ചുവിടാനുള്ള സാധ്യതയെ സംബന്ധിച്ച് നല്ല കരുതലുണ്ടായിരിക്കണം. ആവശ്യമാകുമ്പോൾ ഉപയോഗിക്കാൻ പാകത്തിൽ സൈന്യത്തെ ഒരുക്കിനിർത്തുകയും യുദ്ധോപകരണങ്ങൾ സംഭരിച്ചു വെക്കുകയും ചെയ്യേണ്ടത് ഇസ്‌ലാമിക സമൂഹത്തിന്റെ -അതിന്റെ നേതൃത്വത്തിന്റെ- നിർബന്ധ ബാധ്യതയാകുന്നു. ഇസ്‌ലാമിക സമൂഹം അതിനൊരു ഇമാമിനെ- നേതൃത്വത്തെ- സ്ഥാപിക്കേണ്ടത് വിശ്വാസപരമായ ബാധ്യതയാണെന്നും, മുസ്‌ലിംകളുടെ പ്രദേശങ്ങളെ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുകയും അതിനുവേണ്ടി സൈന്യത്തെ സജ്ജീകരിക്കുകയും ഇമാമിന്റെ ചുമതലയാണെന്നും, വിശ്വാസ കാര്യങ്ങൾ വിവരിക്കുന്ന ശറഹുൽ അഖാഇദ് പോലുള്ള ഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

ഇവിടെ 'നിങ്ങൾ' എന്ന് സംബോധന ചെയ്യുന്നത് ഇസ്‌ലാമിക രാഷ്ട്രത്തെയാണ്. രാഷ്ട്രത്തലവനു മാത്രമല്ല; മറ്റു പൗരന്മാർക്കും അതിൽ ബാധ്യതയുണ്ട്. ആ ബാധ്യതയാണ്....وَمَا تُنفِقُواْ എന്നു തുടങ്ങുന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. പൗരസഞ്ചയത്തിന്റെ സാമ്പത്തികവും ശാരീരികവുമായ സഹകരണമില്ലാതെ ഇമാമിനു തനിയെ സൈന്യത്തെ സംഘടിപ്പിക്കാനോ പ്രതിരോധ സാമഗ്രികൾ സംഭരിക്കാനോ കഴിയില്ല. എന്നാൽ ഇമാമിനെ മാറ്റിനിർത്തി വ്യക്തികൾ ഒറ്റക്കൊറ്റക്കായോ അനൗദ്യോഗിക സന്നദ്ധ സംഘങ്ങളായോ ഈ ദൗത്യം ഏറ്റെടുക്കാനും പാടില്ല. അത് സമൂഹത്തെ ആഭ്യന്തര കലാപത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കും. ഇന്ന് പല നാടുകളിലും കണ്ടുവരുന്ന രക്തരൂഷിതമായ തീവ്രവാദ-ഭീകരവാദ താണ്ഡവങ്ങൾ അതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്.

സത്യം സ്ഥാപിക്കുകയും അസത്യം നിർമാർജനം ചെയ്യുകയുമാണ് മുസ്‌ലിം സമൂഹത്തിന്റെ അടിസ്ഥാന ദൗത്യം. അസത്യത്തിന്റെ നാനാവിധത്തിലുള്ള കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനുള്ള സ്ഥിരം സജ്ജീകരണങ്ങൾ അതിന് സ്വന്തമായി ഉണ്ടാകേണ്ടതുണ്ട്. ആപത്തുകളും ആക്രമണങ്ങളും വന്ന് തലയിൽ കയറിയ ശേഷം പരിഭ്രാന്തരായി പ്രതിരോധ സന്നാഹങ്ങൾക്കുവേണ്ടി വെപ്രാളപ്പെടുന്ന അവസ്ഥയുണ്ടാവരുത്. മുൻ സൂക്തങ്ങളിൽ വഞ്ചകന്മാരെ അല്ലാഹു സ്നേഹിക്കുന്നില്ലെന്നും, സത്യനിഷേധികൾക്ക് അല്ലാഹുവിനെ തോൽപിക്കാനാവില്ലെന്നും പറഞ്ഞതിനർഥം ദീനിന്റെ ശത്രുക്കൾക്ക് യാതൊരു സാഹചര്യത്തിലും ഭൗതിക ലോകത്ത് ജയിക്കാനാവില്ലല്ലോ വിശ്വാസികൾ അവരുടെ കാര്യത്തിൽ യാതൊരു മുൻകരുതലും എടുക്കേണ്ടതില്ലല്ലോ എന്നല്ല. ഭൗതികലോകത്തെ ജയാപചയങ്ങൾക്ക് ഭൗതികമായ കാര്യകാരണ നിയമങ്ങളുണ്ട്. വിശ്വാസികളായാലും അവിശ്വാസികളായാലും ഇവിടെ നിലനിൽക്കാൻ ആ നിയമങ്ങൾ പാലിച്ചേ പറ്റൂ. ആക്രമണങ്ങളിൽനിന്നു രക്ഷനേടാൻ പ്രതിരോധ സന്നാഹങ്ങളുണ്ടായിരിക്കുക എന്നത് ആ നിയമങ്ങളിൽ പെടുന്നു.

വിജയത്തിനുള്ള ഉപാധികൾ നിങ്ങൾക്കു കഴിയുന്നേടത്തോളം -مَّا ٱسۡتَطَعۡتُم- പൂർത്തീകരിക്കണമെന്നാണ് നിർദേശിക്കുന്നത്. നാം പരമാവധി മുൻകരുതലുകളെടുത്ത ശേഷം ഉള്ള കുറവുകൾ അല്ലാഹു നികത്തിത്തരും. എന്നാൽ നമ്മുടെ ഭാഗത്തുനിന്നുണ്ടാകുന്ന അശ്രദ്ധയും അലംഭാവവും അവൻ നികത്തുകയില്ല. ഭൗതികമായ സ്വാർഥ താൽപര്യങ്ങൾക്കും ക്ഷുദ്രവികാരങ്ങൾക്കും അടിപ്പെട്ട് ചെയ്യുന്ന അബദ്ധങ്ങളുടെ ഫലവും നാം തന്നെ അനുഭവിക്കണം.

مِّن قُوَّةٖ (ശക്തിയാൽ) എന്നതുകൊണ്ടുദ്ദേശ്യം, ആൾബലമാണെന്നും അസ്ത്ര ബലമാണെന്നും രണ്ടു വ്യാഖ്യാനങ്ങളുണ്ട്. ആൾബലം എന്നാകുമ്പോൾ ശത്രുക്കളെ നേരിടാൻ ധാരാളം ഭടന്മാരെ ഒരുക്കിനിർത്തണം എന്നാണാശയം. ഖുർആൻ പലയിടത്തും ശക്തി(قُوَّةٖ) ആൾബലം എന്ന അർഥത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്നാണ് ഈ വ്യാഖ്യാതാക്കളുടെ ന്യായം. قُوَّةٖ- അസ്ത്രബലമാണെങ്കിൽ, പ്രതിരോധാവശ്യാർഥം ധാരാളം വില്ലാളികളെ പരിശീലിപ്പിച്ചു സജ്ജരാക്കണം എന്നാകുന്നു താൽപര്യം. നബി(സ) ഒരിക്കൽ ألا انّ القوّة الرمى (അറിയുവിൻ ശക്തി എന്നാൽ അസ്ത്രമാകുന്നു) എന്നു പ്രസ്താവിച്ചിട്ടുള്ളതായി മുസ്‌ലിം ഉദ്ധരിക്കുന്ന നിവേദനമാണ് ഈ വ്യാഖ്യാനത്തിനാധാരം.

ഈ വ്യാഖ്യാനം സ്വീകരിച്ചുകൊണ്ട് അല്ലാമാ ശഅ്‌റാവിയെപ്പോലുള്ളവർ ഫലസ്തീൻ വിമോചക ഭടന്മാരുടെ കല്ലേറു മുതൽ വൻ ശക്തികളുടെ ബോംബർ വിമാനങ്ങളും ഭൂഖണ്ഡാന്തര മിസൈലുകളും വരെ അതിലുൾപ്പെടുന്നതായി പ്രസ്താവിച്ചിരിക്കുന്നു. കര-നാവിക സൈനികരും മറ്റു യുദ്ധസജ്ജീകരണവുമാണ് കുതിരപ്പടകൊണ്ടുദ്ദേശ്യമെന്നും അദ്ദേഹം പറയുന്നു.

ഖുർആൻ പൊതുവായി നടത്തിയ ഒരു പ്രസ്താവനയെ പരിമിതപ്പെടുത്തേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. ശക്തി -قُوَّةٖ- എന്നു പറയുന്നതെന്താണെന്ന് സാധാരണക്കാർക്കുപോലും അറിയാവുന്നതാണ്. കാര്യങ്ങൾ നിർവഹിക്കാനും പ്രതിയോഗികളെയും പ്രതിസന്ധികളെയും നിർവീര്യമാക്കാനുമുള്ള ഉപാധികളാണത്. യുദ്ധ പശ്ചാത്തലത്തിൽ ശക്തി എന്നു പറയുമ്പോൾ സൈന്യം, ആയുധങ്ങൾ, വാഹനങ്ങൾ മറ്റു വിഭവങ്ങൾ എല്ലാം അതിലുൾപ്പെടുന്നു. അതിനെ സൈന്യത്തിന്റെ എണ്ണത്തിലോ ഒരു പ്രത്യേക ആയുധത്തിലോ പരിമിതപ്പെടുത്തുന്നത് ആ പദപ്രയോഗത്തിന്റെ ലക്ഷ്യവുമായി പൊരുത്തപ്പെടുന്നതല്ല. ഖുർആൻ ചിലപ്പോൾ ആൾബലത്തെ മുഖ്യമായി ഉദ്ദേശിച്ചുകൊണ്ട് -قُوَّةٖ എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അവിടെയെല്ലാം ആൾബലം മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ എന്നു കരുതാൻ ന്യായമില്ല. ആൾബലം ഉദ്ദേശിച്ച് ഖുർആൻ -قُوَّةٖ ഉപയോഗിച്ചതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കപ്പെ

ടുന്ന ഒരു സന്ദർഭം ഇതാണ്:

كَالَّذِينَ مِن قَبْلِكُمْ كَانُوٓا۟ أَشَدَّ مِنكُمْ قُوَّةً وَأَكْثَرَ أَمْوَٰلًا وَأَوْلَٰدًا

(നിങ്ങളുടെ സ്വഭാവം പൂർവികരുടേതു പോലെത്തന്നെയാണ്. അവരാകട്ടെ നിങ്ങളെക്കാൾ കൊടിയശക്തിയും പെരുത്ത സമ്പത്തും സന്തതികളുമുള്ളവരായിരുന്നു). ഇവിടെ കൊടിയ ശക്തി കൊണ്ടു വിവക്ഷ, അവരുടെ സംഖ്യാബലമാണെന്ന അഭിപ്രായം ശരിയാണ്. പക്ഷേ, അവരുടെ വൈജ്ഞാനികവും സാങ്കേതികവുമായ മികവുകളും വിഭവങ്ങളും അതിൽ പെടില്ല എന്ന് അതിനർഥമില്ല. അത്തരം മികവുകളോടൊപ്പമുള്ള ജനശക്തി മാത്രമേ കൊടിയശക്തി (اشدّ قوّة) ആവുകയുള്ളൂ. 'ചപ്പുചവറുപോലുള്ള ആൾക്കൂട്ടം ശത്രുക്കളെ ഭയപ്പെടുത്തുന്ന ശക്തിയാവില്ല' എന്ന് നബി(സ) തന്നെ പ്രസ്താവിച്ചിട്ടുണ്ട്.

'ശക്തി അസ്ത്രമാകുന്നു' എന്ന് നബി(സ) പ്രസ്താവിച്ചതിന്റെ താൽപര്യം, അക്കാലത്തെ ഏറ്റവും മികച്ച ആയുധശക്തി അസ്ത്രമാകുന്നു എന്നാണ്. ഈ അടിസ്ഥാനത്തിൽ അസ്ത്രവിദ്യ പരിശീലിപ്പിക്കുന്നതിനെ നബി(സ) ഏറ്റം പ്രോത്സാഹിപ്പിച്ചിട്ടുമുണ്ട്. അന്നത്തെ അസ്ത്രത്തിന്റെ സ്ഥാനത്താണ് ഇന്ന് തോക്കുകൾ മുതൽ ഭൂഖണ്ഡാന്തര മിസൈലുകൾ വരെയുള്ള യുദ്ധോപകരണങ്ങൾ എന്ന കാര്യത്തിലും തർക്കമില്ല. ഇന്ന് ആയുധ ശക്തിയെന്നാൽ അതൊക്കെത്തന്നെയാണ്. ഖുർആനും പ്രവാചകനും നൽകിയ ഈ നിർദേശങ്ങൾ മറന്ന്, വൻശക്തികളുയർത്തുന്ന ലോകസമാധാനം, നിരായുധീകരണം തുടങ്ങിയ കപടമുദ്രാവാക്യങ്ങളിൽ വഞ്ചിതരായി, സൈന്യശേഖരണത്തിലും ആയുധനിർമാണത്തിലും വീഴ്ചവരുത്തിയതുകൊണ്ടാണ് ആഗോള ഊർജത്തിന്റെ മുഖ്യ ഉടമകളായിട്ടും മുസ്‌ലിം രാജ്യങ്ങൾക്ക് പാശ്ചാത്യലോകത്തിന്റെ അവശരും അപമാനിതരുമായ അടിമകളായി കഴിയേണ്ടിവരുന്നത്. എങ്കിലും ഖുർആൻ ശക്തി (قُوَّةٍ)എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത്, വിക്ഷേപണായുധങ്ങൾ മാത്രമാണെന്നു കരുതാൻ ന്യായമില്ല. സമൂഹത്തിന്റെ സാമ്പത്തികശേഷിയും ആയുധബലവും വൈജ്ഞാനിക ശേഷിയും സാങ്കേതിക വൈദഗ്ധ്യവും സാംസ്കാരിക ഔന്നത്യവും സൈനികരുടെ എണ്ണവും എല്ലാം അതിലുൾപ്പെടുന്നു. എല്ലാം ഉള്ള സമൂഹമാണ് പ്രബലമായ സമൂഹം. സാമ്പത്തികശേഷി കൊണ്ടുമാത്രം ഇന്ന് ഒരു ജനതക്ക് സ്വതന്ത്രമായി നിലനിൽക്കാനാവില്ല. അതിന് മികച്ച സൈനിക ശേഷിയും വേണം. വൈജ്ഞാനികവും സാങ്കേതികവുമായ ശേഷി കൈവരിക്കാതെ സൈനിക ശേഷിയാർജിക്കാനും കഴിയില്ല.

കെട്ട് എന്നർഥമുള്ള ربط-ന്റെ മറ്റൊരു രൂപമാണ് -رباط. കുതികരകളെ കെട്ടിയിടുന്ന സ്ഥലത്തെ ഉദ്ദേശിച്ചാണ് ഈ പദം ഉപയോഗിക്കാറുള്ളത്. ശത്രുക്കൾ കടന്നുകയറാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ അവരെ നേരിടാൻ, പരിശീലനം ലഭിച്ച കുതിരകളെയും പടയാളികളെയും ഒരുക്കി നിർത്തുന്നതിന് -رِّبَاطِ ٱلْخَيْلِ എന്നു പറയുന്നു. പിന്നീട് സൈനികത്താവളം എന്ന അർഥത്തിലും -رباط പ്രചുരമായി. ഈജിപ്തിലും മൊറോക്കോവിലും ടുനീഷ്യയിലുമൊക്കെ ഇന്ന് 'റബാത്ത്' എന്ന പേരിലറിയപ്പെടുന്ന പട്ടണങ്ങളുണ്ട്. പഴയകാലത്ത് സൈനികത്താവളങ്ങളായിരുന്ന സ്ഥലങ്ങളാണിതൊക്കെ. ശക്തി(قُوَّةٍ)ക്ക് പുറത്തുള്ള ഒരു സജ്ജീകരണമായിട്ടല്ല ഇവിടെ കുതിരപ്പടയെ പരാമർശിക്കുന്നത്. പ്രത്യുത യുദ്ധ പശ്ചാത്തലത്തിൽ പ്രത്യേകം പരിഗണിക്കേണ്ട ഒരു ശക്തിയായിട്ടാണ്. ഇക്കാലത്ത് അതിർത്തിയിലെ സൈനിക പോസ്റ്റുകളും കവചിത വാഹനങ്ങളുമൊക്കെ ഈ رِّبَاطِ ٱلْخَيْلِ-ൽ പെടുന്നു. ശത്രുസൈന്യത്തെ രാജ്യത്തിന്റെ ഉള്ളിലേക്ക് കടക്കാനനുവദിക്കാതെ അതിർത്തിയിൽ വെച്ചുതന്നെ പിന്തിരിപ്പിക്കാൻ ആവശ്യമായ സജ്ജീകരണങ്ങളൊരുക്കി പ്രത്യേകം ജാഗ്രത പാലിക്കണമെന്നാണ് وَمِن رِّبَاطِ ٱلْخَيْلِ- എന്ന വാക്കിലൂടെ സൂചിപ്പിക്കുന്നത്.

ഈ സൈനിക സജ്ജീകരണത്തിന്റെ ലക്ഷ്യമാണ് تُرْهِبُونَ بِهِۦ-എന്നുതുടങ്ങുന്ന വാകൃത്തിൽ വ്യക്തമാക്കുന്നത്. ആദരവും മഹത്ത്വ കൽപനയും ഉൾച്ചേർന്ന ഭയമാണ് -رهبة. ഭയഭക്തി നിർഭരരായി അല്ലാഹവിനെ മഹത്ത്വപ്പെടുത്തിക്കൊണ്ടിരിക്കുന്നവൻ എന്ന അർഥത്തിൽ പുരോഹിതനെയും സന്യാസിയെയും راهب എന്നു പറയുന്നു. വിദേശ ശക്തികൾ അല്ലെങ്കിൽ ശത്രുക്കൾ നിങ്ങളെ മാനിക്കുകയും നിങ്ങളുടെ സൈനികശേഷിയെക്കുറിച്ചു ഭീതിതരാവുകയും വേണം എന്നാണ് താൽപര്യം. عَدُوَّ ٱللَّهِ-അല്ലാഹുവിന്റെ ശത്രുക്കൾ എന്നതിൽ ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ശത്രുത പുലർത്തുന്ന എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്നു. അതിൽ ഇപ്പോൾ ഏറ്റം പ്രസക്തമായ വിഭാഗത്തെ ചൂണ്ടിക്കാണിക്കുകയാണ് وَعَدُوَّكُمْ -നിങ്ങളുടെ ശത്രുക്കളെയും- എന്ന വാക്യം; ശക്തിയിൽ കുതിരപ്പടയെ പ്രത്യേകം പരാമർശിച്ചതുപോലെ, അല്ലാഹുവിന്റെ ശത്രുക്കളും നിങ്ങളുടെ(വിശ്വാസികളുടെ) ശത്രുക്കളും രണ്ടല്ല. എല്ലാ ജാഹിലീ ശക്തികളെയും, മുന്നിലുള്ള ശത്രുക്കളെ വിശേഷിച്ചും ഭീതിയോടെ ബഹുമാനത്തോടെയും വീക്ഷിക്കാൻ പ്രേരിപ്പിക്കുന്നതാവണം നിങ്ങളുടെ ശേഷിയും ശേമുഷിയും. അതാണ് സമാധാനവും സുരക്ഷിതത്വവും നിലനിർത്താൻ സഹായകമായ അവസ്ഥ. ഓരോരുത്തരും മറ്റുള്ളവരെ ബഹുമാനിക്കുകയും അവരുടെ ശക്തിയെ ഭയപ്പെടുകയും ചെയ്യുമ്പോൾ ആരും ആരെയും അക്രമിക്കാൻ തുനിയുകയില്ല. കുഫ്റിനും ജാഹിലിയ്യത്തിനും ശക്തിയുടെ ഭാഷ മാത്രമേ മനസ്സിലാകൂ. അശക്തൻ ദുർബലനെ അക്രമിക്കുകയെന്നത് അവരുടെ ദൃഷ്ടിയിൽ തികച്ചും സ്വാഭാവികമാണ്. ആധുനികകാലത്ത് ഓരോ രാഷ്ട്രവും ഒറ്റക്കും കൂട്ടായും സൈനികാഭ്യാസങ്ങളിലൂടെയും ആയുധ പ്രദർശനങ്ങളിലൂടെയും സ്വന്തം യുദ്ധശേഷി മറ്റുള്ളവരെ കാണിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട് ഇടക്കിടെ നടത്താറുള്ള ആണവായുധ പരീക്ഷണവും മിസൈൽ പരീക്ഷണവും അയൽരാജ്യങ്ങൾക്കുള്ള താക്കീതാണ്. പാകിസ്താൻ നടത്തുന്ന അത്തരം പരീക്ഷണങ്ങൾ നമുക്കുള്ള മറുപടിയുമാണ്. ഇതിന്റെയൊക്കെ പ്രാക്തന രൂപമാണ് ഇവിടെ പറയുന്ന ശക്തിസംഭരണവും കുതിരപ്പടയെ സജ്ജീകരിക്കലും. മുസ്‌ലിം സമൂഹങ്ങൾ ആ പ്രാക്തന രൂപങ്ങളിൽ തന്നെ തുടർന്നതിന്റെ ഫലമാണ് അവരിന്നനുഭവിക്കുന്നത്.

ബദ്ർ യുദ്ധകാലത്ത് മുസ്‌ലിംകളുടെ ഭാഗത്ത് കുതിരകളും കുതിരപ്പടയാളികളും വളരെ കുറവായിരുന്നു. ഭാവിയിൽ ആ കുറവ് നികത്തണമെന്ന് ഊന്നിപ്പറയുക കൂടിയാണ് ഈ സൂക്തം. അസ്ത്രവിദ്യയെന്നപോലെ അശ്വാഭ്യാസവും പ്രവാചകൻ പ്രത്യേകം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ തിരുമേനി പറഞ്ഞു: 'ഒരുവൻ അല്ലാഹുവിന്റെ മാർഗത്തിൽ ഒരു കുതിരയെ പരിശീലിപ്പിച്ചു പോറ്റിയാൽ അതിന്റെ ചാണകവും മൂത്രവും അവന്റെ നന്മകളായിത്തീരും.' ഇക്കാലത്ത് തന്ത്രപ്രധാനമായ സൈനികോപകരണങ്ങൾ സംഭരിക്കുകയും പരിശീലിക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം ഈ നബിവചനത്തിൽനിന്നു വ്യക്തമാകുന്നു.

അവരെക്കൂടാതെ, നിങ്ങൾക്കറിയാത്തതും അല്ലാഹു അറിയുന്നതുമായ മറ്റുശത്രുക്കൾ എന്നുപറഞ്ഞത് അക്കാലത്തു പ്രത്യക്ഷത്തിൽ വന്നിട്ടില്ലാത്തതും പിൽക്കാലത്ത് രംഗത്തുവരു

ന്നതുമായ ശത്രുക്കളെ ഉദ്ദേശിച്ചാണ്. പ്രവാചകന്റെ കാലത്ത് മദീനയിൽ കപടവിശ്വാസികൾ ഇസ്‌ലാമിനെതിരെ രഹസ്യപ്രവർത്തനങ്ങൾ നടത്തിയിരുന്നു. മുസ്‌ലിംകളുമായി കരാറിലേർപ്പെട്ടിരിക്കെത്തന്നെ യഹൂദർ സന്ദർഭം ലഭിക്കുമ്പോഴൊക്കെ മുസ്‌ലിംകളെ ദ്രോഹിക്കാൻ ശ്രമിച്ചു. മദീനക്കു ചുറ്റുംപാർത്തിരുന്ന ബദവീ അറബികളിലും കപടന്മാർ ധാരാളമുണ്ടായിരുന്നു. *അത്തൗബ* 101-ാം സൂക്തം അവരെക്കുറിച്ചു പറയുന്നുണ്ട്. മദീനയുടെ ശക്തി ശേഖരം അവരെയെല്ലാം ഭീതിപ്പെടുത്തുകയും ആക്രമണത്തിൽനിന്നു പിന്തിരിപ്പിക്കുകയും ചെയ്യുമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. അക്കാലത്തെ വൻശക്തികളായിരുന്ന റോമ-പേർഷ്യൻ സാമ്രാജ്യങ്ങളും ഗസ്സാൻ പോലെ സൈനികശേഷിയുണ്ടായിരുന്ന ഗോത്രങ്ങളും മുതൽ ലോകാവസാനംവരെ ഇസ്‌ലാമിനെതിരെ ഉയർന്നുവരുന്ന എല്ലാ ശക്തികളും 'മറ്റു ശത്രു'ക്കളിൽ ഉൾപ്പെടുന്നുവെന്നും, ഓരോ കാലത്തും അതതു കാലത്തെ ശത്രുക്കളെ ഭീതിപ്പെടുത്താൻ പര്യാപ്തമായ സൈനിക ശക്തി സംഭരിക്കേണ്ടത് മുസ്‌ലിം സമൂഹ നേതൃത്വത്തിന്റെ ബാധ്യതയാണെന്നും ഇസ്‌ലാമിക പണ്ഡിതന്മാർ ഈ വാക്യത്തെ വിശദീകരിച്ചുകൊണ്ട് സമർപ്പിച്ചിരിക്കുന്നു.

നേരത്തെ സൂചിപ്പിച്ചതു പോലെ .....وَمَا تُنفِقُوا എന്ന വാക്യം, സമൂഹത്തിന്റെ സൈനിക സജ്ജീകരണങ്ങളിൽ വ്യക്തികളുടെ പങ്കിലേക്ക് വിരൽ ചൂണ്ടുകയാണ്. ദീനിന്റെയും ഉമ്മത്തിന്റെയും സുരക്ഷക്കു വേണ്ടി വ്യക്തികൾ അവരുടെ കായികശേഷിയും ആയുധ ശേഷിയും സാമ്പത്തികശേഷിയും വൈജ്ഞാനികവും സാങ്കേതികവുമായ കഴിവുകളും ഉദാരമായി വിനിയോഗിക്കേണ്ടതുണ്ട്. وما تنفقوا شيئا (നിങ്ങൾ ചെലവഴിക്കുന്ന വസ്തു) എന്നതിനുപകരം وَمَا تُنفِقُوا مِن شَيْءٍ (നിങ്ങൾ ചെലവഴിക്കുന്ന ഏതു വസ്തുവായാലും -എന്തായാലും) എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. അത് കായികശേഷിയാകാം, ആയുധമാകാം, വാഹനമാകാം, സമ്പത്താകാം, യുദ്ധതന്ത്രങ്ങളാവാം, സാങ്കേതിക വൈദഗ്ധ്യങ്ങളാവാം, പെരുത്തതാകാം, തുഛമായതാകാം എന്തായാലും അല്ലാഹുവിന്റെ മാർഗത്തിലാണെങ്കിൽ ഒരിക്കലും നഷ്ടപ്പെടുന്നില്ല. എല്ലാറ്റിനും ന്യായമായ പ്രതിഫലം പൂർണമായി ലഭിക്കുന്നതാണ്; ചിലപ്പോൾ ഈ ലോകത്തുതന്നെ, ഇല്ലെങ്കിൽ പരലോകത്ത്. 'ശക്തി' എന്ന പദപ്രയോഗം പോലെ പൊതുവാണ് ദൈവികസരണി (فِي سَبِيلِ اللَّهِ) എന്ന പ്രയോഗവും. യുദ്ധ സാഹചര്യത്തിൽ ദൈവിക സരണിയിൽ പ്രവർത്തിക്കുക എന്നുപറയുന്നതിന്റെ ഉദ്ദേശ്യം സൈനിക രംഗത്തു പ്രവർത്തിക്കുക എന്നാണെങ്കിലും 'ദൈവികസരണി' അതിനെക്കാൾ എത്രയോ വിശാലമാണ്. അല്ലാഹു ഇഷ്ടപ്പെടുന്ന ഏതുമാർഗവും ദൈവികസരണി(سَبِيلِ اللَّهِ)യാണ്. ഇസ്‌ലാം അനുശാസിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും അല്ലാഹു ഇഷ്ടപ്പെടുന്നതാകയാൽ ആ കാര്യങ്ങളിലുള്ള പ്രവർത്തനങ്ങളെല്ലാം ദൈവിക സരണിയിലുള്ള പ്രവർത്തനങ്ങളുമാകുന്നു.

**61,62:** ഇസ്‌ലാമിക സമൂഹത്തോട് സൈനിക ശക്തി സംഭരിക്കണമെന്നാവശ്യപ്പെട്ടത്, അവർ കണ്ണിൽ കാണുന്നവരെയൊക്കെ അല്ലെങ്കിൽ ദുർബലരാജ്യങ്ങളെ കയറി അക്രമിക്കുന്നതിനുവേണ്ടിയല്ല, പ്രത്യുത സമാധാന സംസ്ഥാപനത്തിനുവേണ്ടിയാണ് എന്ന് വീണ്ടും ഉണർത്തുകയാണ്. പ്രവാചകനെയാണ് സംബോധന ചെയ്യുന്നതെങ്കിലും എക്കാലത്തുമുള്ള ഇസ്‌ലാമിക നേതൃത്വത്തിനുള്ള വിധിയാണിത്. അവർ ചാഞ്ഞാൽ, ചെരിഞ്ഞാൽ എന്നാണ് وَإِن جَنَحُوا -എന്ന വാക്കിനർഥം. താൽപര്യപ്പെട്ടാൽ, സന്നദ്ധരായാൽ എന്നാണ് ഉദ്ദേശ്യം. سلم-സമാധാനമാണ്. ഇസ്‌ലാമിന്റെ പര്യായമായാലും ഇതുപയോഗിക്കാറുണ്ട്. ادْخُلُوا فِي السِّلْمِ كَافَّةً (നിങ്ങൾ പൂർണമായി ഇസ്‌ലാമിൽ പ്രവേശിക്കുവിൻ -*അൽ ബഖറ*: 208) ഇസ്‌ലാം സമാധാനത്തിന്റെ ദീനാണ് എന്ന ആശയത്തെ ആധാരമാക്കിയാണീ പ്രയോഗം.

മുകളിൽ പറഞ്ഞ ശത്രുവിഭാഗങ്ങളിൽ ആരെങ്കിലും യുദ്ധത്തിനു മുമ്പോ യുദ്ധം നടക്കുമ്പോഴോ സന്ധിക്ക് താൽപര്യം പ്രകടിപ്പിച്ചാൽ ഇസ്‌ലമിക സമൂഹം നിസ്സങ്കോചം അതു സ്വീകരിക്കണമെന്നാണ് ഇവിടെ നിർദേശിക്കുന്നത്. സമാധാനം സ്ഥാപിതമാവുക, മർദനം അവസാനിക്കുക حتى لا تكون فتنة-ആണ് ഇസ്‌ലാമിക യുദ്ധത്തിന്റെ ലക്ഷ്യം. സമാധാന സന്ധിയാണ് അതിന് ഏറ്റവും ഉചിതമായ മാർഗം (وَالصُّلْحُ خَيْرٌ -4:128). സന്ധിക്കു വഴിതെളിഞ്ഞാൽ പിന്നെ യുദ്ധം തുടരരുത്. യുദ്ധം തുടർന്നാലുണ്ടാകാവുന്ന നേട്ടങ്ങളോ നിർത്തിയാലുണ്ടാകാവുന്ന കോട്ടങ്ങളോ സന്ധി നിർദേശം തിരസ്കരിക്കാൻ കാരണമായിക്കൂടാ. അതൊക്കെ അല്ലാഹുവിൽ സമർപ്പിക്കുക. എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്ന അവൻ നിങ്ങളോടൊപ്പമുണ്ട്. ഇനി ശത്രുക്കൾ വഞ്ചിക്കാനാണ് സന്ധിനിർദേശമുന്നയിച്ചത് എന്ന് സംശയം തോന്നിയാൽപോലും നിങ്ങൾ ഭയപ്പെടേണ്ട. അവരുടെ വഞ്ചനകളിൽനിന്നും കുടിലതന്ത്രങ്ങളിൽനിന്നും രക്ഷിക്കാൻ നിങ്ങൾ ഭരമേൽപിച്ചിട്ടുള്ള അല്ലാഹു മതി. ആ കാര്യം പ്രവാചകൻ ബദ്റിൽ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. വിശ്വാസികളും ഖുറൈശികളും തമ്മിൽ ശാക്തികമായ താരതമ്യം തീരെ ഉണ്ടായിരുന്നില്ല. എങ്ങനെ നോക്കിയാലും ഖുറൈശികൾ വിശ്വാസികളെ സമ്പൂർണമായി തകർത്തുകളയേണ്ടതായിരുന്നു. പക്ഷേ, തകർക്കപ്പെട്ടതോ സുശക്തമായ ഖുറൈശിപ്പട! അത് അല്ലാഹുവിന്റെ സഹായം കൊണ്ടായിരുന്നു. വിശ്വാസികളുടെ ധീരോജ്ജ്വലമായ സേവനം കൊണ്ടും. ശത്രുക്കൾ ചതിച്ചാലും ഈ രണ്ടു ഘടകങ്ങൾ മതി നിങ്ങൾക്കു ജയിക്കാൻ. മുൻസൂക്തങ്ങളുമായി ചേർത്ത് ഈ സൂക്തങ്ങൾ വായിക്കുമ്പോൾ ആദ്യം മനസ്സിൽ തെളിയുന്ന ആശയം ഇതാണ്.

ചില പണ്ഡിതന്മാർ ഇതിനെ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്. സുരക്ഷയും സമാധാനവുമാണ് ശത്രുക്കളുടെ ഉദ്ദേശ്യമെങ്കിൽ സന്ധിനിർദേശം സ്വീകരിക്കേണ്ടതാണ്. എന്നാൽ സമാധാന സന്ധിക്ക് വഴങ്ങുന്നതുമൂലം മുസ്‌ലിംകൾക്ക് വലിയ നഷ്ടമുണ്ടാകുമെങ്കിൽ, സന്ദർഭോചിതമായ തീരുമാനമെടുക്കാൻ ഇമാമിന്- നേതൃത്വത്തിന്- അനുവാദമുണ്ടായിരിക്കും. മറുകക്ഷി ചതിക്കുമെന്നു തോന്നിയാൽ സന്ധി നിർദേശം സ്വീകരിക്കണമെന്ന് കൽപിച്ചിട്ടില്ല. അപ്പോൾ നിങ്ങൾക്ക് അല്ലാഹു മതി എന്നാണ് പറയുന്നത്. സന്ദർഭത്തിന്റെ താൽപര്യമനുസരിച്ച് സന്ധിനിർദേശം തള്ളുകയോ കൊള്ളുകയോ ചെയ്യാം. രണ്ടായാലും വിശ്വാസികൾക്ക് അല്ലാഹുവിന്റെ സഹായമുണ്ടായിരിക്കും.

ആദ്യം പറഞ്ഞ ആശയമാണ് സൂക്തങ്ങളുടെ പദങ്ങളുമായും പ്രവാചക ചര്യയുമായും കൂടുതൽ പൊരുത്തപ്പെടുന്നത്. പ്രവാചകൻ(സ) തന്റെ ബദ്ധ ശത്രുക്കളായിരുന്ന ഖുറൈശികൾ അടക്കം അനേകം അറേബ്യൻ ഗോത്രങ്ങളുമായും മദീനയിലും പരിസരത്തുമുള്ള യഹൂദരുമായും നജ്റാനിലെ ക്രൈസ്തവരുമായും ഒക്കെ സമാധാനക്കരാറുകളുണ്ടാക്കിയിരുന്നു. അതൊക്കെ ലാഭചേതങ്ങൾ കണിശമായി കണക്കുകൂട്ടിയിട്ടായിരുന്നില്ല. യുദ്ധം ഒഴിവാക്കുന്നതിനും സമാധാനം നിലനിർത്തുന്നതിനുമായിരുന്നു സഖ്യസന്ധികളിൽ മുഖ്യമായി പരിഗണന. ■